നം. E12/15809/14

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 01.08.2014

# സർക്കുലർ

വിഷയം :സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സർക്കാർ ചിൽഡ്രൻസ് ഹോമുകൾ സന്ദർശിച്ച് സമർപ്പിച്ച റിപ്പോർട്ട് - നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന : 1. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സെക്രട്ടറിയുടെ 02.05.14ലെ 647/2014/KeSCPCR നമ്പർ കത്ത്.

2. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 29.04.2014ലെ CRMP No. 647/2014/KeSCPCR-ാം നമ്പർ ഉത്തരവ്

1. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സർക്കാർ ചിൽഡ്രൻസ് ഹോമുകൾ സന്ദർശിച്ച് സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളിൻമേൽ അടിയന്തിരമായി നടപടികൾ സ്വീകരിക്കുവാൻ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ മേൽ സൂചിത (2) ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ചിൽഡ്രൻസ് ഹോമുകളിലെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കമ്മീഷൻ സാമൂഹ്യനീതി ഡയറക്ടറുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുന്നു.

a) കൗമാര പ്രായക്കാരായ ആൺകുട്ടികൾ ഉൾപ്പെടുന്ന ചിൽഡ്രൻസ് ഹോമുകളിൽ ഫീമെയിൽ കെയർടേക്കർമാരെ രാത്രി ഷിഫ്റ്റുകളിൽ നിയോഗിക്കുന്നത് പ്രായോഗികമല്ല.

b) ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാർ അഥവാ ചുമതലയുള്ള ഉദ്യോഗസ്ഥർ സ്ഥാപനത്തിൽ തന്നെ താമസിക്കണമെന്നുള്ള നിയമം പാലിക്കപ്പെടുന്നില്ല.

c) കെയർ ടേക്കർ തസ്തികയിലെ ജീവനക്കാർക്ക് തുടർച്ചയായി 24 മണിക്കൂർ ഡ്യൂട്ടി നൽകുന്നത് ആരോഗ്യകരമായ പ്രവണതയല്ല.

2. മേൽ നിർദ്ദേശങ്ങൾ ഈ കാര്യാലയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ മേൽ സൂചന (2) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിലെ ചിൽഡ്രൻസ് ഹോമിലെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട ശുപാർശകൾ നടപ്പിലാക്കുന്നതോടനുബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഇതിനാൽ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. കൗമാര പ്രായക്കാരായ ആൺകുട്ടികളുടെ ഹോമുകളിൽ ഫീമെയിൽ കെയർടേക്കർമാരെ രാത്രി ഷിഫ്റ്റുകളിൽ നിയോഗിക്കുവാൻ പാടുള്ളതല്ല.
2. ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാരോ പകരം സൂപ്രണ്ട് രേഖാമൂലം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സ്ഥാപനത്തിൽ നിർബന്ധമായും താമസിക്കേണ്ടതാണ്.
3. നിലവിൽ കെയർടേക്കർമാർക്ക് 24 മണിക്കൂർ തുടർച്ചയായി ഡ്യൂട്ടി നൽകി വരുന്ന രീതി ഒഴിവാക്കേണ്ടതും സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് തടസ്സം നേരിടാത്ത വിധത്തിൽ അതാത് മാസങ്ങളിലെ ഡ്യൂട്ടി മുൻകൂട്ടി ക്രമീകരിച്ച് കെയർ ടേക്കർമാർക്ക് നൽകേണ്ടതാണ്. ഡ്യൂട്ടിയിലല്ലാത്ത കെയർ ടേക്കർമാർ സ്ഥാപനത്തിൽ താമസിക്കുവാൻ പാടുള്ളതല്ല.

**സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി**

എല്ലാ ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാർക്കും

പകർപ്പ്:

1. ജോയിന്റ് ഡയറക്ടർമാർ/അസിസ്റ്റന്റ് ഡയറക്ടർമാർക്ക്
2. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
3. ഫിനാൻസ് ഓഫീസർ
4. ഡയറക്ടറുടെ സി.എ/അഡീഷണൽ ഡയറക്ടറുടെ സി.എ
5. എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും
6. സ്റ്റോക്ക് ഫയൽ

SK/14